# Deepika

## 28 August 2018

## Kochi; Cleaning, after flood,Relief



# കടമക്കുടിക്കാർക്ക് സഹായഹസ്തവുമായി ഇടപ്പള്ളിബ്ലോക്കും തൃക്കാക്കര മുനിസിപ്പാലിറ്റിയും

**കൊച്ചി:** പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന കടമക്കുടി പഞ്ചായത്തുകാർക്കു സഹായ ഹസ്തവുമായി ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തും തൃക്കാക്കര മുനിസിപ്പാലിറ്റിയും. തൃക്കാക്കര മുനിസിപ്പൽ ചെയർപേഴ്സൺ എം.ടി. ഓമനയുടെ നേതൃത്വത്തിലുള്ള സംഘം കടമക്കുടിയിലെത്തി ശുചീകരണ പ്രവർത്തനം നടത്തി.

മുനിസിപ്പാലിറ്റിയിലെ 43 കൗൺസിലർമാർ, സെക്രട്ടറി, ഹെൽത്ത് സെന്റർ ഉദ്യോഗസ്ഥർ, കുടുംബശ്രീ അംഗങ്ങൾ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പ്രവർത്തകർ, അങ്കണവാടി-ആശ വർക്കർമാർ എന്നിങ്ങനെ 350 പേരടങ്ങുന്ന സംഘമാണ് ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായത്.

കടമക്കുടി പഞ്ചായത്തിലെ 13 വാർഡുകളിലേക്കും സംഘങ്ങളായി തിരിഞ്ഞാണു ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്. ജെസിബി ഉപയോഗിച്ച് റോഡുകളിൽ ഉണ്ടായിരുന്ന ചെളിനീക്കി. പ്രധാനപ്പെട്ട റോഡുകളായ ചേന്നൂർ-ഫെറി റോഡ്, പിഴല, കോതാട്-ഫെറി, ചരിയംതുരുത്ത് റോഡുകൾ വൃത്തിയാക്കി. പ്രളയത്തിനുശേഷം ചെളി നിറഞ്ഞ് റോഡുകൾ സഞ്ചാരയോഗ്യമല്ലായിരുന്നു.

കടമക്കുടി പഞ്ചായത്ത് ഓഫീസ്, ഹാൾ, പരിസരങ്ങൾ, പഞ്ചായത്തിലെ വിവിധ അംഗൻവാടികൾ കരിക്കാട് തുരുത്തിലെ സാംസ്കാരിക നിലയം, വീടുകൾ തുടങ്ങിയവ സംഘം ശുചിയാക്കി. കൂടാതെ കോതാട് പള്ളിയും പരിസരവും ചേന്നൂർ, ചക്യായം തുടങ്ങിയ സ്ഥലങ്ങളും വൃത്തിയാക്കി. പൊതു വഴികളിൽ നിന്നും വീടുകളിൽനിന്നും മാലിന്യങ്ങളും സംഘം ശേഖരിച്ചു. ടൺ കണക്കിനു മാലിന്യമാണു കടമക്കുടിയിലെ വിവിധ സ്ഥലങ്ങളിൽനിന്നു ശേഖരിച്ചത്.

ദിവസങ്ങൾക്കുശേഷം കോതാട്-ചേന്നൂർ ചങ്ങാടം സർവീസും പുനരാരംഭിച്ചു. ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ആർ. ആന്റണിയുടെ നേതൃത്വത്തിലാണു പഞ്ചായത്തിലെ ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കുഞ്ഞുമോൻ , ജോയിന്റ് ബിഡിഒ പ്രസന്ന , പ്ലാനിംഗ് ആൻഡ് മോണിറ്ററിംഗ് ഉദ്യോഗസ്ഥർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, ക്ലറിക്കൽ സ്റ്റാഫ് തുടങ്ങിയവർ ശുചീകരണ പ്രവർത്തനത്തിൽ പങ്കെടുത്തു.